

# തൊഴിൽ വാർത്തകൾ



## എ.ഐ.ഐ.എം.എസിൽ

ന്യൂഡൽഹിഓൾഇന്ത്യഇൻസ്റ്റിറ്റ്യൂട്ട്ഒഫ്മെഡിക്കൽ സയൻസിൽ അസിസ്റ്റന്റ്പ്രൊഫസർതസ്തികയിൽ ഒഴിവുണ്ട്. ഹെമറ്റോളജി -3, ഹെമറ്റോ പത്തോളജി -2, റ്യൂമറ്റോളജി -1 എന്നിങ്ങനെയാണ്ഒഴിവ്. www.aiimsexams.org വഴി ഓൺലൈനായിഅപേക്ഷിക്കാനുള്ളഅവസാനതിയതിനവംബർ28വൈകിട്ട്അഞ്ച്.

അപേക്ഷിച്ചതിന്റെപ്രിന്റ്അനുബന്ധരേഖകളുടെസാക്ഷ്യപ്പെടുത്തിയ പകർപ്പ്സഹിതം The Administrative Officer (Faculty cell), Administrative Block, Ist floor, All India Institute of Medical sciences, Ansari Nagar, New Delhi-110029 എന്ന വിലാസത്തിൽ ഡിസംബർ 13ന്വൈകിട്ട്അഞ്ചിനകം ലഭിക്കണം. യോഗ്യത, പ്രായം, അപേക്ഷിക്കേണ്ടവിധം സംബന്ധിച്ച്വിശദവിവരം വെബ് സൈറ്റിൽ. ന്യൂഡെൽഹി എഐഐഐഎം എസിൽ റിസർച്ച്അസോസിയേറ്റ്ഒരൊഴിവുണ്ട്.

യോഗ്യത പിഎച്ച്ഡിലൈഫ്സയൻസ്/ ബയോ ഇൻഫോമാറ്റിക്സ്/ ബയോടെക്നോളജി/ ബയോകെമിസ്ട്രി. ഉയർന്ന പ്രായം 45. ബയോഡാറ്റRoom No 415, Laboratory Oncology Unit, Dr. BRA-IRCH, AIIMS, Ansari Nagar, New Delhi-110029എന്നവിലാസത്തിലൊ irchlabonco@gmail.com എന്ന വിലാസത്തിൽ ഇമെയിൽആയോ നവംബർ 26ന്. വൈകിട്ട്അഞ്ചിനകം ലഭിക്കണം. പറ്റ്ന എഐഐഎം എസിൽ സീനിയർ റെസിഡന്റ്അനസ്തീഷ്യ 10 ഒഴി-വുണ്ട്.

യോഗ്യതഎംബിബിഎസ്,എംഡി/ഡിഎൻബി (അനസ്തീഷ്യ). ഉയർന്ന പ്രായം 37. വിശദവിവരത്തിന്: www.aiimspatna.org പറ്റ്ന എഐഐഎംഎസിൽ ജൂനിയർ റെസിഡന്റ്( നോൺ അക്കാഡമിക്) അനസ്തീഷ്യ -5 ഒഴിവുണ്ട്. യോഗ്യത എംബിബിഎസ് ഉയർന്ന പ്രായം- 33. വിശദവിവരത്തിന്-: www.aiimspatna.org



## മലബാർ കാൻസർ സെന്ററിൽ ഒഴിവ്

തലശേരി മലബാർ കാൻസർ സെന്ററിൽ ഡോസിമെട്രിസ്റ്റ്/ഫിസിക്സ് അസിസ്റ്റന്റ്-2, അസി. ഫാർമസിസ്റ്റ് -1, എക്സ്റേ ടെക്നീഷ്യൻ -1, റേഡിയോഗ്രാഫർ(എൽസി) -2, സ്റ്റാഫ്നഴ്സ്(മുസ്ലിം) -3, ഫാർമസിസ്റ്റ്(ഈഴവ)-1, നഴ്സിംഗ്അസി.(രണ്ടാമത്നോട്ടിഫിക്കേഷൻ, എൽസി/എഐ, വിശ്വകർമ ആൻഡ്മുസ്ലിം) -4 എന്നിങ്ങനെ ഒഴിവുണ്ട്. ഡോസിമെട്രിസ്റ്റ്/ ഫിസിക്സ് അസിസ്റ്റന്റ്-2, അസി. ഫാർമസിസ്റ്റ് -1, എക്സ്റേ ടെക്നീഷ്യൻ ജനറൽ റിക്രൂട്ട്മെന്റാണ്.

www.mccc.kerala.gov.in വഴി ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തിയതി നവംബർ 22 വൈകിട്ട് 4.30. അപേക്ഷാഫീസ് 750 രൂപ. എസ്സി/എസ്ടി 250. ഓൺലൈനായി അപേക്ഷിച്ചതിന്റെ പ്രിന്റ്-- The Director, Malabar cancer Centre, Moozhikkara P O, Thalassery, Kerala-670103 എന്ന വിലാസത്തിൽ നവംബർ 30നകം ലഭിക്കണം.

## റിസർവ് ബാങ്കിൽ സെക്യൂരിറ്റി ഗാർഡ്

റിസർവ്ബാങ്ക്ഓഫ്ഇന്ത്യ സെക്യൂരിറ്റി ഗാർഡ്സ്തസ്തികയിലേക്ക്വിമുക്തഭടന്മാരിൽനിന്ന്അപേക്ഷക്ഷണിച്ചു. 270 ഒഴിവുണ്ട്. അഹമ്മദാബാദ്, ബംഗളൂരു, ഭുവനേശ്വർ, ഭോപ്പാൽ, ചണ്ഡീഗഢ്, ചെന്നൈ, ന്യൂഡൽഹി, ഗുവാഹത്തി, ഹൈദരാബാദ്, ജമ്മു, ജയ്പൂർ, കാൺപൂർ, കൊൽക്കത്ത, ലക്നൗ, മുംബൈ, നാഗ്പൂർ, പറ്റ്ന, തിരുവനന്തപുരം റീജണൽഓഫീസുകളിലാണ്ഒഴിവ്. തിരുവനന്തപുരത്ത്20 ഒഴിവുണ്ട്. കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നിവയാണ് കേരളത്തിലെ പരീക്ഷാ കേന്ദ്രങ്ങൾ. www.rbi.org.in വഴി ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തിയതി നവംബർ 30.

## കനറാ ബാങ്കിൽ

കനറാ ബാങ്കിൽ മാനേജർ സെക്യൂരിറ്റി (എംഎംജിഎസ്-രണ്ട്) തസ്തികയിൽ 31 ഒഴിവുണ്ട്. യോഗ്യത ബിരുദം. പ്രായം 25-40.

അപേക്ഷwww.canarabank.comൽനിന്നുംഡൗൺലോഡ്ചെയ്ത്പൂരിപ്പിച്ച്അനുബന്ധരേഖകളുടെസ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്സഹിതം രജിസ്റ്റേഡ്/ സ്പീഡ്പോസ്റ്റായോ The Manager, Canara Bank, Recruitment Cell, HR Wing Head Office, 112, J C Road Bengaluru 560 002 എന്ന വിലാസത്തിൽ ഡിസംബർ മൂന്നിനുള്ളിൽ ലഭിക്കത്തക്കവിധം അയക്കണം. അപേക്ഷിക്കുന്ന കവറിനുമുകളിൽ തസ്തികയുടെ പേര് എഴുതണം.

ഇന്റേണൽ ഓംബുഡ്സ്മാൻ ഒരൊഴിവുണ്ട്. കരാർ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തേക്കാണ് നിയമനം. പ്രയം 70ൽകൂടരുത്.

അപേക്ഷwww.canarabank.comൽനിന്നുംഡൗൺലോഡ്ചെയ്ത്പൂരിപ്പിച്ച്അനുബന്ധരേഖകളുടെസ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്സഹിതം രജിസ്റ്റേഡ്/ സ്പീഡ്പോസ്റ്റായോ The Manager, Canara Bank, Recruitment Cell, H R Wing Head Office, 112, J C Road Bengaluru 560 002 എന്ന വിലാസത്തിൽ ഡിസംബർ മൂന്നിനുള്ളിൽ ലഭിക്കത്തക്കവിധം അയക്കണം.

THE KERALA STATE CASHEW DEVELOPMENT CORPORATION LTD.
(A Government of Kerala Undertaking)

### കേരളകശുഅണ്ടിവികസനകോർപറേഷനിൽ

കേരള കശുഅണ്ടി വികസന കോർപറേഷനിൽ കേരള കശുവണ്ടി വികസന കോർപറേഷനിൽ ഒഴിവുകൾ. കൊല്ലത്താണ് നിയമനം. ഫുഡ്ടെക്നോളജിസ്റ്റ്, പ്രൊജക്ട്മാനേജർ തസ്തികയിലാണ്ഒഴിവ്. . ശമ്പളം: 20,000 രൂപ. അവസാന തീയതി: നവംബർ 21 കൂടുതൽ വിവരങ്ങൾക്ക്: cashewcorporation.com വിലാസം: KSCDC, Beach Rd, Kochupilammood, Pallithottam, Thamarakulam, Kollam, Kerala 691001.

### യു.പി.എസ്.സി അപേക്ഷ ക്ഷണിച്ചു

കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിലേക്ക്യൂണിയൻ പബ്ലിക്സർവീസ്കമീഷൻ അപേക്ഷ ക്ഷണിച്ചു. കൃഷിമന്ത്രാലയത്തിൽ അസി. അഗ്രികൾച്ചറൽ മാർക്കറ്റിങ്അഡൈ്വസർ( ഗ്രൂപ്പ്ഒന്ന്) 0-5, ഇക്കണോമിക്ഓഫീസർ-1, ധനമന്ത്രാലയത്തിൽ അസി. ഡയറക്ടർ -10, വാർത്താവിതരണമന്ത്രാലയത്തിൽ സീനിയർആർടിസ്റ്റ്05 എന്നിങ്ങനെയാണ്ഒഴിവ്. ഓൺലൈനായിഅപേക്ഷിക്കാനുള്ള അവസാന തിയതിനവംബർ15. വിശദവിവരത്തിന്: www.upsc.gov.in

### ഡാറ്റ എൻട്രി ഓപറേറ്റർ

കേരള സർക്കാരും മൂർഫീൽഡ്സ്ഐ ഹോസ്പിറ്റൽ എൻഎച്ച്എസ്ട്രസ്റ്റും സഹകരിച്ച്നടത്തുന്ന 'സ്ക്രീനിങ്ആൻഡ്മാനേജ്മെന്റ്ഓഫ്റെറ്റിനോപ്പതി ' എന്ന പ്രോജക്ടിലേക്ക്ഡാറ്റാ എൻട്രി ഓപറേറ്ററുടെ ഒഴിവുണ്ട്. ഓൺലൈനായിഅപേക്ഷിക്കാനുള്ള അവസാന തിയതി നവംബർ16. വിശദവിവരത്തിന്: www.socialsecuritymission.gov.in

### നാഷണൽ എയ്റോസ്പേസ് ലബോറട്ടറീസിൽ

ബംഗളൂരുവിലെ നാഷണൽ എയ്റോസ്പേസ് ലബോറട്ടറീസിൽ വിവിധ വിഭാഗങ്ങളിലായി ടെക്നീഷ്യൻ ഒഴിവിലേക്ക്അപേക്ഷ ക്ഷണിച്ചു. 47 ഒഴിവുണ്ട് . ഓൺലൈനായി നവംബർ 24 നകം അപേക്ഷിക്കണം. ഫിറ്റർ -18, ടർണർ -3, മെഷീനിസ്റ്റ്-3, ഇലക്ട്രീഷ്യൻ-8, ഇലക്ട്രോണിക്സ്മെക്കാനിക്-6, ഡ്രാഫ്റ്റ്സ്മാൻ-1, മെക്കാനിക്മെയിന്റനൻസ്മെഷീൻ ടൂൾസ്-1, ഇൻഫർമേഷൻ ടെക്ആൻഡ്ഇലക്ട്രോണിക്സ്സിസ്റ്റം മെയിന്റനൻസ്-5, ലാബ്അസിസ്റ്റന്റ്കെമിക്കൽ പ്ലാന്റ്-1, കാർപന്റർ -1 എന്നിങ്ങനെയാണ്ഒഴിവ്. വിശദവിവരത്തിന്www.nal.res.in

### ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽ

ബിർള ഇൻസ്റ്റിറ്റ്യൂട്ട്ഒഫ്ടെക്നോളജി ആൻഡ്സയൻസ് പിലാനി അസി. പ്രൊഫസർ, അസോസിയറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. പിലാനി, ഗോവ, ഹൈദരാബാദ്, ദുബായ് ക്യമ്പസുകളിലാണ്ഒഴിവ്. അസി. പ്രൊഫസർതസ്തികയിൽ പിഎച്ച്ഡിക്കാർക്ക് അപേക്ഷിക്കാം. കെമിക്കൽ എൻജിനിയറിംഗ്, സിവിൽ, ഇഇ ആൻഡ് ഇൻസ്ട്രുമെന്റേഷൻ, മെക്കാനിക്കൽ, കംപ്യൂട്ടർ സയൻസ്, ബയോ സയൻസ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ്, ഓർമസി, ഇക്കണോമിക്സ് ആൻഡ് ഫിനാൻസ്, മാനേജ്മെന്റ്, ഹ്യൂമാനിറ്റീസ്, സോഷ്യൽസയൻസ് പഠനവകുപ്പുകളിലാണ് ഒഴിവ്. ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തിയതി ഡിസംബർ 09. വിശദവിവരത്തിന്www.bitspilani.ac.in

### റീജണൽമെഡിക്കൽറിസേർച്ച്സെന്റർ

കേന്ദ്രസർക്കാർസ്ഥാപനമായ റീജണൽമെഡിക്കൽറിസേർച്ച്സെന്റർ റിസേർച്ച്അസിസ്റ്റന്റ്, സോഷ്യൽ വർക്കർ, ഫീൽഡ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. വാക്ഇൻ ഇന്റർവ്യൂ നവംബർ19ന്. കൂടുതൽ വിവരങ്ങൾക്ക്: www.rmrcne.org.in. വിലാസം: ICMR-Regional Medical Research Centre, N. E. Region, Dibrugarh, Assam

### എൻ.സി.പി.ഒ.ഒ.ആർ

നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസേർച്ച്സെന്ററിൽ വിവിധ തസ്തികകകളിൽ ഒഴിവ്. പ്രൊജക്ട്സൈന്റിസ്റ്റ്, ജൂനിയർ റിസേർച്ച്ഫെലോ, പ്രോജക്ട്സൈന്റിസ്റ്റ്, അസിസ്റ്റന്റ്എക്സിക്യൂട്ടീവ്, ഫിനാൻസ്ആൻഡ്അക്കൗണ്ട്സ്എക്സിക്യൂട്ടീവ്അസിസ്റ്റന്റ്, തുടങ്ങിയ തസ്തികകളിലാണ്ഒഴിവ്. കൂടുതൽ വിവരങ്ങൾക്ക്: www.ncaor.gov.in അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: ഡിസംബർ12.



### മത്സ്യത്തൊഴിലാളി യുവാക്കൾക്ക് അവസരം

## കേരള പൊലീസിൽ കോസ്റ്റൽ വാർഡൻ

കേരളത്തിലെ തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 200പേരെ 14 തീരദേശ പൊലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽവാർഡന്മാരായി നിയമിക്കും. കരാർ നിയമനമാണ്. മാതൃജില്ലയിലേക്ക് അപേക്ഷിക്കണം. തിരുവനന്തപുരം 24, കൊല്ലം 22, ആലപ്പുഴ 22, എറണാകുളം 22, തൃശ്ശൂർ 22, മലപ്പുറം 22, കോഴിക്കോട്22, കണ്ണൂർ 22, കാസർകോട് 22 എന്നിങ്ങനെ ആകെ 200 ഒഴിവുണ്ട്. യോഗ്യത പത്താം ക്ലാസ്സ് ജയം/ തത്തുല്യം. ഉയർന്ന യോഗ്യതയുള്ളവർക്ക്വെയ്റ്റേജ്. പ്രായം 2018 ജനുവരി ഒന്നിന് 18-58. പുരുഷന്മാർക്ക് കുറഞ്ഞത് 160 സെ.മീ, സ്ത്രീകൾക്ക് 150 സെ.മീ ഉയരമുണ്ടാകണം. കണ്ണിന് പൂർണമായ കാഴ്ച ശക്തിവേണം. വിവിധ കായികഇനങ്ങളിലുള്ള പ്രാഥമിക പരീക്ഷയും കായികക്ഷമതാ പരീക്ഷയും പാസ്സാകണം. അപേക്ഷാഫോറത്തിന്റെ മാതൃക www.keralapolice.gov.in ൽ ലഭിക്കും. അപേക്ഷ പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, ഫിഷർമെൻ സർടിഫിക്കറ്റ്, നേറ്റിവിറ്റി സർടിഫിക്കറ്റ്, സേഷൻകാർഡ്, സ്വഭാവ സർടിഫിക്കറ്റ്, ഇലക്ഷൻ ഐഡി/ ആധാർ കാർഡ്/ പാസ്പോർട് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ജില്ലാ പൊലീസ് മേധാവിക്ക് നാളെ വൈകിട്ട് അഞ്ചിനകം നേരിട്ട് സമർപ്പിക്കണം. അപേക്ഷകർ അതത് ജില്ലാ കേന്ദ്രങ്ങളിൽ രാവിലെ ഏഴിന് ഹാജരാകണം. തിരുവനന്തപുരം, കൊല്ലം: നവംബർ 24ന് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം. ആലപ്പുഴ , എറണാകുളം, തൃശ്ശൂർ: നവംബർ 28ന് രാജീവ് ഗാന്ധി ഇന്റർനാഷണൽ സ്റ്റേഡിയം കലൂർ. മലപ്പുറം, കോഴിക്കോട്: ഡിഎച്ച്ക്യാമ്പ് (എആർ ക്യാമ്പ്) കോഴിക്കോട് സിറ്റി, ഡിസംബർ 01. കണ്ണൂർ, കാസർകോട്: കെഎപി നാലാം ബറ്റാലിയൻ, മാങ്ങാട്ടുപറമ്പ്, കണ്ണൂർ, ഡിസംബർ 05.

### രാജേന്ദ്ര മെമ്മോറിയൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ



കേന്ദ്രആരോഗ്യ കുടുംബക്ഷേമമന്ത്രാലയത്തിനുകീഴിൽ പട്നയിലുള്ള രാജേന്ദ്രമെമ്മോറിയൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയർസിൽ 'സയന്റിസ്റ്റ്' തസ്തികയിൽ20 ഒഴിവുണ്ട്. സയന്റിസ്റ്റ്ഡി (ക്ലിനിക്കൽ മെഡിസിൻ, പാത്തോളജി, സർജറി, മോളിക്യുലാർ മെഡിസിൻ), സയന്റിസ്റ്റ്സി(ക്ലിനിക്കൽ മെഡിസിൻ, സർജറി, എപിഡമോളജി, വൈറോളജി), സയന്റിസ്റ്റ്ബി (പാത്തോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി, ഫാർമകോളജി, ഇമ്യൂണോളജി, വൈറോളജി എപിഡമോളജി, മൊളിക്യുലാർ മെഡിസിൻ, വെക്ടർബയോളജി ആൻഡ്കൺട്രോൾ, ബയോ ഇൻഫർമറ്റിക്സ്, അനിമൽ സയൻസ്) തസ്തികകളിലാണ്ഒഴിവ്. വിശദവിവരങ്ങൾക്ക്:www.rmri.biomediinformri.com . ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: ഡിസംബർ12.

### ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിൽ



ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിൽഎക്സിക്യൂട്ടീവ്അസിസ്റ്റന്റ്/ ഡിജിറ്റൽ ഓഫീസ് അസിസ്റ്റന്റ്ആറൊഴിവുണ്ട്. യോഗ്യത പ്ലസ്ടു. പ്രായം 18-30. കരാർ അടിസ്ഥാനത്തിലാണ് നിയമനം. നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് അനുബന്ധരേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം -Assistant Personnel Officer/Recruitment, Integral coach Factory, Chennai-600038 എന്ന വിലാസത്തിൽ ഡിസംബർ ഒന്നിനകം ലഭിക്കത്തക്കവിധം സാധാരണതപാലായി അയക്കണം. അപേക്ഷാഫോറത്തിന്റെമാതൃകയും വിശദവിവരവും www.icf.indianrailways.gov.in എന്ന വെബ്സൈറ്റിൽ.

### യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ബിരുദധാരികൾക്ക് അവസരം



യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ബിരുദധാരികൾക്ക്അവസരം. പിഎസ്സിയുടെ വിജ്ഞാപനം ഉടൻ ഇറങ്ങും. സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിലേക്കാണ് നിയമനം.

രണ്ടായിരത്തിലധികം ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത്. 2016 ലാണ് ഇതേ തസ്തികയിലേക്ക്പിഎസ്സി ആദ്യമായി അപേക്ഷ ക്ഷണിച്ചത്. നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി 2019 ആഗസ്തിൽ അവസാനിക്കും. തുടർന്നുള്ള നിയമനങ്ങൾക്കാണ് പുതിയ അപേക്ഷ ക്ഷണിക്കുന്നത്. യോഗ്യത: ബിരുദം. ബിടെക്കുകാർക്കും ബിഎസ്സി (നേഴ്സിങ്) ക്കാർക്കും അപേക്ഷിക്കാം. അവസാനവർഷ പരീക്ഷയെഴുതുന്നവർക്ക് അപേക്ഷിക്കാനാകില്ല. പ്രായം 18-36.

നിയമാനുസൃത ഇളവ് ലഭിക്കും. ഒന്നേകാൽ മണിക്കൂർ ദൈർഘ്യമുള്ള ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷയിലൂടെയാണ് തെരഞ്ഞെടുപ്പ്.

ക്വാണ്ടിറ്റേറ്റീവ്ആപ്റ്റിറ്റിയൂഡ്, മെന്റൽ എബിലിറ്റി/ റീസണിങ്, ജനറൽ സയൻസ്, കറന്റ്അഫയേഴ്സ്, ഇന്ത്യ, കേരള പൊതുവിവരങ്ങൾ, ഭരണഘടന, ജനറൽ ഇംഗ്ലീഷ്, ഭാഷ, സൈബർ നിയമങ്ങൾ എന്നിവയിൽനിന്നുള്ള ചോദ്യങ്ങളുണ്ടാകും.




### ഡി.ആർ.ഡി.ഒയിൽ അപ്രന്റിസ്

ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷന് കീഴിൽ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ ഗ്രാജ്വേറ്റ് അപ്രന്റിസ്, ടെക്നീഷ്യൻ( ഡിപ്ലോമ) അപ്രന്റിസ്അവസരമുണ്ട്. 58 ഒഴിവുകളുണ്ട്. കഴിഞ്ഞ മൂന്ന്മാസത്തിനിടെ കോഴ്സ്പൂർത്തിയാക്കിയവരാണ് അപേക്ഷിക്കേണ്ടത്. അപ്രന്റിസ്ഷിപ്പ് പൂർത്തിയാക്കിയവരും ഒരുവർഷമോ അതിലധികമോ പ്രവൃത്തിപരിചയമുള്ളവരും അപേക്ഷിക്കേണ്ടതില്ല. www.mhrdnats.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർചെയ്യണം. തുടർന്ന്www.drdo.gov.in എന്ന വെബ്സൈറ്റിൽനിന്നും അപേക്ഷാഫോറം ഡൗൺലോഡ്ചെയ്യാം. വിജ്ഞാപനവും ലഭിക്കും. അപേക്ഷ പൂരിപ്പിച്ച്ഫോട്ടോ പതിച്ചതിനുശേഷം സ്കാൻചെയ്ത്-hrd@itr.drdo.in എന്ന വിലാസത്തിൽ ഇമെയിൽ അയക്കണം. ഗ്രാജ്വേറ്റ് അപ്രന്റിസ് നവംബർ 26വരെയും ടെക്നീഷ്യൻ അപ്രന്റിസ് ഡിസംബർ മൂന്ന്വരെയും സ്വീകരിക്കും. ഇങ്ങനെ അപേക്ഷിച്ചവർ Integrated Test Range, Chandipur-756025, Balasore(Odisha) യിൽ വാക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം.

ഗ്രാഡ്വേറ്റ് അപ്രന്റിസ് ഡിസംബർ ഒന്നിന് രാവിലെ ഒമ്പതിനും ടെക്നീഷ്യൻ അപ്രന്റിസ് ഡിസംബർ എട്ടിന് രാവിലെ ഒമ്പതിനുമാണ് വാക് ഇൻ ഇന്റർവ്യൂ. എഴുത്ത് പരീക്ഷയുമുണ്ടാകും. ഉദ്യോഗാർഥികൾ ഇമെയിലായി അയച്ച അപേക്ഷയുടെ കോപ്പിയും സർടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും അടുത്ത കാലത്തെടുത്ത പാസ്പോർട്സൈസ് കളർഫോട്ടോയും ഇന്റർവ്യൂവിന് ഹാജരാക്കണം.

### ഛത്തീസ്ഗഢ് ഹൈക്കോടതിയിൽ 225 ഒഴിവ്

ഛത്തീസ്ഗഢ് ഹൈക്കോടതിയിൽ വിവിധ തസ്തികകളിൽ ഒഴിവുണ്ട്. അസി. ഗ്രേഡ്മൂന്ന്(ലെവൽഫോർ-) 170, അസി. ഗ്രേഡ്മൂന്ന്(കംപ്യൂട്ടർ) -7, ഡാറ്റാ എൻട്രി ഓപറേറ്റർ (ലെവൽ -6) 24, അസി. പ്രോഗ്രാമർ (ലെവൽ -9) -3, സോഫ്റ്റ്വേർ എൻജിനിയർ(ലെവൽ-10) -2, ഹാർഡ്വേർ എൻജിനിയർ(ലെവൽ- 10) -2, അസി. രജിസ്ട്രാർ(ഐടിലെവൽ-12) -1, കംപ്യൂട്ടർ പ്രോഗ്രാമർ (ലെവൽ -12) -2, അസി. ലൈബ്രേറിയൻ(ലെവൽ-7) -5, ലൈബ്രറി അസി.-1, ട്രാൻസ്ലേറ്റർ -8 എന്നിങ്ങനെ ആകെ-225 ഒഴിവുണ്ട്. അസി. രജിസ്ട്രാർ, കംപ്യൂട്ടർ പ്രോഗ്രാമർ, ഹാർഡ്വേർ എൻജിനിയർ, സോഫ്റ്റ്വേർ എൻജിനിയർ, അസി. പ്രോഗ്രാമർ, അസി. ലൈബ്രേറിയൻ, ലൈബ്രറി അസി., ട്രാൻസ്ലേറ്റർ തസ്തികകളിൽ എഴുത്ത്പരീക്ഷ, സ്കിൽടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനതിലാണ് തെരഞ്ഞെടുപ്പ്. ഓരോ തസ്തികക്കും ആവശ്യമായ യോഗ്യത, പ്രായം സംബന്ധിച്ച വിശദവിവരം വെബ്സൈറ്റിൽ. www.cgvyapam.choice.gov.in വഴി ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ-2.